പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ - 7377

17.7.2012 ന് മറുപടിയ്ക്ക്

മലയാളത്തിന് ക്ലാസ്സിക്കൽ പദവി നിരാകരണം

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി
ശ്രീ.കെ.സി.ജോസഫ്
ബഹു.ഗ്രാമവികസനവും
ആസൂത്രണവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മലയാളത്തിന് ക്ലാസ്സിക്കൽ പദവി നിരാകരിച്ചത് ഏത് മാനദണ്ഡപ്രകാരമാണ്; വിശദമാക്കമോ; | (എ) | മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന്,കേന്ദ്രസർക്കാരിന്റെ വിദഗ്ധ സമിതി നാല്ല മാനദണ്ഡങ്ങളിൽ മൂന്നും അംഗീകരിച്ചുവെങ്കിലും മലയാള ഭാഷയ്ക്ക് 1500 വർഷത്തെ പഴക്കമില്ലെന്നും,1200 വർഷത്തെ പഴക്കം മാത്രമേ ഉള്ളവെന്നും പറഞ്ഞ് അനുകൂല റിപ്പോർട്ട് നൽകിയിട്ടില്ല.വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അനുകൂലമല്ലെങ്കിലും കേന്ദ്രസർക്കാർ ഇതുവരെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | കേരള സാഹിത്യ അക്കാദമി ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) | മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് വേണ്ടി സർക്കാർ തലത്തിലാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നല്കുന്നതു സംബന്ധിച്ച് നമ്മുടെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നല്കണമെന്ന് ബഹു.മുഖ്യമന്ത്രി കേന്ദ്ര സാംസ്കാരിക മന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ മുഖ്യമന്ത്രി ചെയർമാനായ ഉപദേശകസമിതി 29/6/12 ന് അടിയന്തിര യോഗം കൂടുകയും മലയാളഭാഷയ്ക്ക് 2000 വർഷത്തെ പഴക്കമുണ്ടെന്ന വാദഗതി അംഗീകരിച്ചുകൊണ്ട് ശ്രേഷ്ഠ ഭാഷാ പദവി മലയാളത്തിന് നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം 2012 ജൂലൈ 3 ന് പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന്റെ ആവശ്യം ഉന്നയിക്കുകയുണ്ടായി. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകാൻ സാഹിത്യ അക്കാദമി എന്ത് തുക ചെലവഴിച്ചു;വ്യക്തമാക്കാമോ? | (സി) | 2010 മെയ് മാസത്തിൽ പ്രൊഫ.ഒ.എൻ.വി.കുറുപ്പ്, ശ്രീമതി.സുഗതകുമാരി,ഡോ.പുതുശ്ശേരി രാമചന്ദ്രൻ,അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.പുരുഷൻ കടലുണ്ടി എന്നിവരുടെ ഡൽഹി യാത്രക്കുള്ള വിമാനടിക്കറ്റ് ചെലവിലേക്കായി അക്കാദമിക്ക് 96,188/- രൂപയായിട്ടുണ്ട്. |

Padmanabhan

സെക്ഷൻ ഓഫീസർ